എല്ലാ ജില്ലകളിലെയും പൂർണ്ണമായ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) പി.എം.ജി. ജംഗ്ഷന് സമീപമുള്ള സ്ഥലം കേരള എൻ.ജി.ഒ യൂണിയനും, പ്രസ് ക്ലബിന് സമീപമുള്ള സ്ഥലം ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷനുമാണ് നൽകിയിട്ടുള്ളത്.

(എഫ്) വില ഈടാക്കാതെ പതിച്ചു നൽകാനാണ് ഉത്തരവായിട്ടുള്ളത്.

95 (652) കടയ്ക്കൽ ക്ഷേത്രത്തിലേയ്ക്കുള്ള റോഡ് വീതി കൂട്ടുന്നതിന് നടപടി

<u>ശ്രീമതി ആർ. ലതാദേവി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കടയ്ക്കൽ പഞ്ചായത്തിൽ കടയ്ക്കൽ ജംഗ്ഷനിൽനിന്നും കടയ്ക്കൽ ക്ഷേത്രത്തിലേക്കുള്ള റോഡ് വീതി കൂട്ടുന്നതി നാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാ ണെന്ന് അറിയിക്കുമോ;

(ബി) ഇവിടെ സ്ഥലം അക്വയർ ചെയ്യുന്നതിനുണ്ടാകുന്ന കാലതാ മസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്നേയ്ക്ക് പ്രസ്തുത ഭൂമി റോഡിന്റെ ഉപയോഗത്തിന് ലഭ്യ മാകും എന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) ഇങ്ങനെ ഒരു സ്ഥലമെടുപ്പ് നടപടി നിലവിലില്ല.

(ബി)&(സി) ബാധകമല്ല.

96 (653) കാരായ്മക്കാർക്ക് സൗകര്യാവകാശം കൊടുക്കാനുള്ള നിയമം

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ പസ്സാക്കിയ കാരായ്മക്കാർക്ക് സൗകര്യാവ കാശം കൊടുക്കാനുള്ള നിയമം നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് ഏതെങ്കിലും കേസ്സുകൾ ഇപ്പോൾ നിലവിലുണ്ടോ;

(സി) പ്രസ്തുത കേസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) കാരായ്മകുടിയാന്മാർക്ക് സൗകര്യാവകാശം പാസ്സാക്കിയ തിനുശേഷം 553 കേസ്സുകളിൽ വിചാരണയ്ക്കുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 80 കേസ്സുകൾ വിധിയായിക്കഴിഞ്ഞു. ഇപ്രകാരമുള്ള കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടികൾ കൈക്കൊണ്ട് വരികയാണ്.

(ബി)&(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly